TAKING OUT OF PROCESSION IN KARKADAGAM 1121 IN VIOLATION OF GOVERNMENT'S PROHIBITORY ORDERS

236. മിസ്റ്റർ പി. നാരായണമേനോൻ :

താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമെണ്ട സദയം മറുപടി പറയുമോ.—

(എ) ക കക്കടകത്തിൽ മിസ്റ്റർ പനമ്പിള്ളി ഗോവിന്ദമേനോന്റെ നേതൃത്വത്തിൽ, എറണാകുളത്തു്, അന്നത്തെ നിരോധനാജ്ഞയെ ലംഘിച്ചു്, വല്ല ഘോഷയാത്രകളും നടന്നിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അന്ന ഗവർമ്മെണ്ട അവയെ സംബന്ധിച്ചു് എടുത്ത നടപടികൾ എന്തെല്ലാം?

റാവു സാഹിബു് എ. മാധവപ്രട്ട :

(എ) ഉവ്വു്.

(ബി) അതു് ഏറ്റവും സാങ്കേതികമായ അർത്ഥത്തിൽമാത്രം ഒരു കുറ്റമാണെന്ന തെളിഞ്ഞതിനാൽ ഒരു നടപടിയും എടുത്തില്ല.

TRANSFER OF TEACHERS—DETAILS REGARDING

237. മിസ്റ്റർ കെ. ഐ. വേലായുധൻ :

താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവർമ്മെണ്ട സദയം മറുപടി പറയുമോ.—

(എ) ഏതേതു സ്ഥലിലേക്കാണു് ട്രാൻസ്ഫർ വേണ്ടതെന്ന ആവശ്യപ്പെട്ടു് ടീച്ചേഴ്സിന്ന മെമ്മൊ ഗവൺമെണ്ടിൽനിന്നും അയക്കുകയുണ്ടായിട്ടുണ്ടോ ;

(ബി) ടീച്ചേഴ്സിന്റെ ആവശ്യപ്രകാരം സ്കൂൾ തുറന്നതിന്നശേഷം എത്ര ട്രാൻസ്ഫർ ഉണ്ടായിട്ടുണ്ടു് ;

(സി) സക്കുലർ നമ്പർ 9/22, dated 11th December 1946 പ്രകാരം ട്രാൻസ്ഫർ ചെയ്യുതിന്നശേഷം സ്കൂൾ തുറക്കുന്നതിന്ന മുമ്പുതന്നെ ആ രീതിനെ അതിലംഘിച്ചു ഏതെങ്കിലും സന്ദർഭങ്ങൾ ഉണ്ടായിട്ടുണ്ടോ ;

(ഡി) ഈ സക്കുലർ പ്രകാരം ഏതു തിയ്യതിവരെയാണു് ട്രാൻസ്ഫർ അനുവദിക്കപ്പെട്ടിട്ടുള്ളതു് ;

(ഇ) ഇതിന്ന വിപരീതമായി ടി തിയ്യതിക്കുശേഷം ഏതെങ്കിലും മാറ്റങ്ങൾ ഡിപ്പാർട്ടുമെണ്ടിൽ ഉണ്ടായിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ അതിന്നുള്ള കാരണം ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ :

(എ) ഡിപ്പാർട്ടുമെണ്ടിൽനിന്നും അയച്ചിട്ടുണ്ടു്.

(ബി) ൨ ടീച്ചേഴ്സിനെ പരസ്പരം മാറ്റിയിട്ടുള്ളു.

(സി) ഇല്ല.

(ഡി) മാറ്റങ്ങൾ സ്കൂൾ തുറക്കുന്നതിന്ന മുമ്പു് കഴിയേണ്ടതാണു്.

(ഇ) ഒർല്ലഭം മാറ്റങ്ങൾ വേണ്ടതായി വന്നിട്ടുണ്ടു്.

(എഫ്) ടീച്ചേഴ്സ് ആവശ്യപ്പെടുകയാലും ആ ട്രാൻസ്ഫർകൊണ്ടു് സർവ്വീസ് താല്പര്യങ്ങൾക്ക ദോഷം വരികയില്ല എന്ന കാണുകയാലും.

മിസ്റ്റർ കെ. ഐ. വേലായുധൻ : ചില ടീച്ചേഴ്സിന്ന ട്രാൻസ്ഫർ കൊടുക്കുമ്പോൾ അതു മറ്റു ചില ടീച്ചേഴ്സിന്ന ഉപദ്രവമുണ്ടാകാത്ത നിലയിൽ ട്രാൻസ്ഫറിനുള്ള പ്രൊപ്പോസൽ അയക്കുവാനുള്ള ഏർപ്പാടുചെയ്യാമൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : സാധാരണ നിയമം സ്കൂൾവർഷത്തിന്റെ മദ്ധ്യത്തിൽ ട്രാൻസ്ഫറിന്നുള്ള പ്രൊപ്പോസൽ അയക്കണമെന്നാണു്. അതിനെക്കുറിച്ചു് ഇപ്പോൾ പറയുവാൻ ബുദ്ധിമുട്ടുണ്ടു്.

മിസ്റ്റർ പി. കെ. ഡീവർ : സ്കൂൾ തുറന്നുകഴിഞ്ഞാൽ ട്രാൻസ്ഫർ കൊടുക്കുന്നതിന്ന ഡയറക്ടർക്ക അധികാരമില്ലെ? അതിന്ന ഗവൺമെണ്ടിന്റെ അനുവാദം വേണമെന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly